**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4573** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാനായി മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ആർ.ആർ.ടി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പ്രശ്ന ബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ വന്യജീവികളെ തിരികെ വനത്തിലേക്ക് അയയ്ക്കുന്നതിന് മാത്രം പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിന് പുറത്ത് വരുന്നത് തടയുവാനായി 18 കി.മീ. സൗരോജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. കാട്ടിൽ നിന്നും നാട്ടിലിറങ്ങി മനുഷ്യരുടെ സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്ന നടപടികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനുകീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണം മൂലം എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടപരിഹാര തുകയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം 280.04 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (സി) | 2016 മുതൽ ഇതുവരെ കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ? | (സി) | 2016 മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലായി നഷ്ടപരിഹാരത്തിനായി ആകെ 86 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. 47 അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 39 എണ്ണം അപേക്ഷകൾ തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ